**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3197**
**24.02.2016 ലെ മറുപടിയ്ക്ക്**

**<u>ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാനുള്ള പദ്ധതി</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.പി.എ.മാധവൻ<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, എം.പി.വിൻസെൻറ് | ബഹു.മുഖ്യമന്ത്രി |
| എ | ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എയിംസ് സോഫ്റ്റ് വെയർ ഒന്നാം ഘട്ടം വകുപ്പിൽ പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ട്. സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം 2016 ഏപ്രിൽ 1 മുതൽ നിലവിൽ വരുന്നതാണ്. ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് മാന്വൽ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വകുപ്പിന്റെ ഏതാനും ജില്ലാ കാര്യാലയങ്ങൾ നവീകരിക്കാൻ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. |
| ബി | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ഓഡിറ്റ് പ്രക്രിയ കാര്യക്ഷമമാക്കുകയും ഓഡിറ്റ് കാലതാമസവും കുടിശ്ശികയും കുറയ്ക്കുകയുമാണ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യം. ജില്ലാ കാര്യാലയ നവീകരണത്തിലൂടെ പ്രസ്തുത ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കമ്പ്യൂട്ടർവത്ക്കരണത്തിന് അനുയോജ്യമായ രീതിയിൽ നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടെ നവീകരിക്കാൻ സാധിക്കും. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിലൂടെ ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമതയും ഓഡിറ്റിന്റെ നിലവാരവും ഉയർത്താൻ സാധിക്കും. |

| | | |
|---|---|---|
| **സി** | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | എയിംസ് സോഫ്റ്റ് വെയറിന്റെ മൂന്നാം ഘട്ടം വികസിപ്പിക്കുന്നതിനും ഓഡിറ്റ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും വകുപ്പിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലാ കാര്യാലയങ്ങൾ നവീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ ഓഡിറ്റ് മാന്വൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ലെയ്സൺ ടീം രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെഷൻ ഓഫീസർ